REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി: 26-12-2025** **സമയം 06.45 AM**

---

## പ്രധാന വാർത്തകൾ

- **വീർ ബാൽ ദിവസിനോടനുബന്ധിച്ച് പ്രധാനമന്ത്രി രാഷ്ട്രീയ ബാൽ പുരസ്കാർ രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് ന്യൂഡൽഹിയിൽ സമ്മാനിക്കും.**
- **ഭീകരവിരുദ്ധ സമ്മേളനം കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ഇന്ന് ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്യും.**
- **സംസ്ഥാനത്ത് കോർപറേഷൻ, നഗരസഭാ അധ്യക്ഷന്മാരെയും ഉപാധ്യക്ഷൻമാരെയും ഇന്ന് തിരഞ്ഞെടുക്കും.**
- **മണ്ഡലപൂജയ്ക്ക് ശബരിമല ശാസ്താവിന് ചാർത്തുന്ന തങ്കയങ്കി വഹിച്ച് ഘോഷയാത്ര ഇന്ന് ഉച്ചയ്ക്ക് സന്നിധാനത്തെത്തും.**
- **ഇന്ത്യ- ശ്രീലങ്ക വനിതാ ട്വന്റി-20 ക്രിക്കറ്റ് പരമ്പരയിലെ മൂന്നാം മത്സരം ഇന്ന് തിരുവനന്തപുരത്ത്.**

## വാർത്തകൾ വിശദമായി

**വീർ ബാൽ ദിവസിനോടനുബന്ധിച്ച് പ്രധാനമന്ത്രി രാഷ്ട്രീയ ബാൽ പുരസ്കാർ രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് ന്യൂഡൽഹിയിൽ സമ്മാനിക്കും. ധീരത, കായികം, സാമൂഹിക സേവനം തുടങ്ങിയ വിവിധ മേഖലകളിൽ മികച്ച നേട്ടങ്ങൾ കൈവരിച്ച 20 കുട്ടികളെയാണ് ഈ വർഷം പുരസ്കാരത്തിനായി തിരഞ്ഞെടുത്തതെന്ന് കേന്ദ്ര വനിതാ-ശിശു വികസന മന്ത്രാലയം അറിയിച്ചു.**

പരിപാടിയെ പ്രധാനമന്ത്രി നരേന്ദ്രമോദി അഭിസംബോധന ചെയ്യും. രാജ്യത്തിന്റെ സമ്പന്നമായ നാഗരിക പൈതൃകവും ധീരതയുടെ ആത്മാവും പ്രദർശിപ്പിക്കുന്ന സാംസ്കാരിക പ്രകടനങ്ങളും പരിപാടിയിൽ ഉണ്ടാകും. കേന്ദ്രമന്ത്രി അന്നപൂർണ്ണ ദേവിയും പരിപാടിയിൽ പങ്കെടുക്കും.

✪✪✪

രാജ്യത്തെ ഏറ്റവും പുരാതന ഭാഷകളിൽ ഒന്നായ സന്താലി ഭാഷയിലെ ഭരണഘടനയുടെ പതിപ്പ് രാഷ്ട്രപതി ദ്രൗപദി മുർമു ന്യൂഡൽഹിയിൽ പുറത്തിറക്കി. ഓൽ - ചിക്കി ലിപിയുടെ ശതാബ്ദി ആഘോഷിക്കുന്ന വേളയിലാണ് സന്താലി ലിപിയിൽ ഭരണഘടന പുറത്തിറക്കിയത്.

ഝാർഖണ്ഡ്, ഒഡിഷ, പശ്ചിമ ബംഗാൾ, ബിഹാർ എന്നിവിടങ്ങളിലെ ഒരു വിഭാഗം ഗോത്രവർഗക്കാർ ഉപയോഗിക്കുന്ന ഭാഷയാണ് സന്താലി.

✪✪✪

കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ഇന്ന് ന്യൂഡൽഹിയിൽ ഭീകരവിരുദ്ധ സമ്മേളനം ഉദ്ഘാടനം ചെയ്യും. ദേശീയ സുരക്ഷയെ ബാധിക്കുന്ന വിഷയങ്ങളെക്കുറിച്ചും ഭീകരതയിൽ നിന്ന് ഉയർന്നുവരുന്ന ഭീഷണികളെക്കുറിച്ചും സമ്മേളനം ചർച്ച ചെയ്യും. ദേശീയ അന്വേഷണ ഏജൻസിയാണ് രണ്ട് ദിവസത്തെ സമ്മേളനം സംഘടിപ്പിക്കുന്നത്.

വിദേശ അധികാരപരിധികളിൽ നിന്ന് തെളിവുകൾ ശേഖരിക്കൽ, തീവ്രവാദ വിരുദ്ധ അന്വേഷണങ്ങളിൽ ഡിജിറ്റൽ ഫോറൻസിക്, ഡാറ്റ വിശകലനം, ദേശീയ സുരക്ഷയ്ക്ക് എതിരെ ഉയർന്നുവരുന്ന ഹൈബ്രിഡ് ഭീഷണികൾ എന്നിവയെക്കുറിച്ച് സമ്മേളനം ചർച്ചചെയ്യുമെന്ന് ആഭ്യന്തര മന്ത്രാലയം ന്യൂഡൽഹിയിൽ അറിയിച്ചു.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കു വയ്ക്കുന്ന പ്രതിമാസ പ്രഭാഷണ പരിപാടി മൻ കി ബാത്ത് മറ്റന്നാൾ രാവിലെ 11 മണിക്ക്. പരിപാടിയുടെ 129-ാം പതിപ്പാണിത്.

മൻ കി ബാത്തിലേക്ക് ആശയങ്ങളും അഭിപ്രായങ്ങളും MyGov.in, NaMo App എന്നിവയിലൂടെയോ, 1800-11-7800 എന്ന ടോൾ ഫ്രീ നമ്പറിലോ ഇന്ന് കൂടി അറിയിക്കാം.

✪✪✪

റെയിൽവേ യാത്ര നിരക്കിൽ പ്രഖ്യാപിച്ച വർധന അർധരാത്രി മുതൽ പ്രാബല്യത്തിൽ വന്നു. 215 കിലോമീറ്ററലധികം യാത്രകൾക്ക്, ഓർഡിനറി ക്ലാസിൽ കിലോമീറ്ററിന് ഒരു പൈസ വീതം വർദ്ധിക്കും. മെയിൽ, എക്സ്പ്രസ് ട്രെയിനുകളിലും, AC ക്ലാസുകളിലും രണ്ട് പൈസ വർധനയുണ്ടാകും. എന്നാൽ നേരത്തെ ബുക്ക് ചെയ്ത ടിക്കറ്റുകൾക്ക് നിരക്ക് വർധന ബാധകമല്ല.

✪✪✪

സംസ്ഥാനത്ത് കോർപറേഷൻ മേയർ, ഡെപ്യൂട്ടി മേയർ, മുനിസിപ്പാലിറ്റി ചെയർപഴ്സൺ, വൈസ് ചെയർപഴ്സൺ പദവികളിലേക്ക് ഇന്ന് തിരഞ്ഞെടുപ്പ് നടത്തും. അധ്യക്ഷരുടെ തിരഞ്ഞെടുപ്പ് രാവിലെ 10-30 നും, ഉപാധ്യക്ഷരുടെ തിരഞ്ഞെടുപ്പ് ഉച്ചകഴിഞ്ഞ് 2-30 നുമാണ്.

ഡെസ്ക്ക് റിപ്പോർട്ട്

...(വോയ്സ്)...........

കോർപ്പറേഷനുകളിൽ മേയർ, ഡെപ്യൂട്ടി മേയർ തിരഞ്ഞെടുപ്പുകൾക്ക് ജില്ലാ കലക്ടറാണ് വരണാധികാരി. മുനിസിപ്പാലിറ്റികളിൽ പ്രത്യേകമായി നിയോഗിച്ച വരണാധികാരികൾ ചുമതല നിർവഹിക്കും.

തിരഞ്ഞെടുപ്പ് യോഗത്തിന് അംഗങ്ങളുടെ പകുതിയെങ്കിലും ക്വാറം ആവശ്യമാണ്. ക്വാറം തികയാത്ത പക്ഷം യോഗം അടുത്ത പ്രവൃത്തി ദിവസത്തേക്ക് മാറ്റും. സമനില വോട്ട് ലഭിച്ചാൽ നറുക്കെടുപ്പിലൂടെയാണ് വിജയിയെ തീരുമാനിക്കുക. വോട്ടെടുപ്പ് പൂർത്തിയായ ശേഷം വരണാധികാരിയുടെ നേതൃത്വത്തിൽ വോട്ടുകൾ എണ്ണി ഫലം പ്രഖ്യാപിക്കും. ഫലപ്രഖ്യാപനത്തിന് പിന്നാലെ തിരഞ്ഞെടുക്കപ്പെടുന്നവർ സത്യപ്രതിജ്ഞ ചെയ്ത് ഔദ്യോഗികമായി ചുമതലയേൽക്കും.

ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, വൈസ് പ്രസിഡണ്ട് തിരഞ്ഞെടുപ്പ് നാളെയാണ്.

✪✪✪

തിരുവനന്തപുരം കോർപറേഷൻ മേയർ സ്ഥാനാർഥിയായി V.V രാജേഷിനെയും, ഡെപ്യൂട്ടി മേയറായി G ആശാനാഥിനെയും BJP പ്രഖ്യാപിച്ചു.

തൃശ്ശൂർ കോർപ്പറേഷൻ മേയർ സ്ഥാനാർത്ഥിയായി ഡോ.നിജി ജസ്റ്റിനെയും, ഡെപ്യൂട്ടി മേയറായി A പ്രസാദിനെയും കോൺഗ്രസ് പ്രഖ്യാപിച്ചിട്ടുണ്ട്.

കണ്ണൂർ കോർപ്പറേഷനിൽ മേയർ ആയി പയ്യാമ്പലം ഡിവിഷനിൽ നിന്ന് വിജയിച്ച P.ഇന്ദിരയെയും ഡെപ്യൂട്ടി മേയർ ആയി വാരം ഡിവിഷനിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ട KP താഹിറിനെയും നേരത്തെ UDF പ്രഖ്യാപിച്ചിരുന്നു. കോർപ്പ റേഷനിലെ അധ്യക്ഷ - ഉപാധ്യക്ഷ സ്ഥാനങ്ങളിലേക്ക് BJP മത്സരിക്കും.

കോഴിക്കോട് കോർപറേഷനിൽ മേയർ സ്ഥാനാർത്ഥിയായി ഒ. സദാശിവനെയും, ഡെപ്യൂട്ടി മേയർ സ്ഥാനത്തേക്ക് S ജയശ്രീയെയും LDF നേരത്തെ പ്രഖ്യാപിച്ചിരുന്നു. UDF സ്ഥാനാർത്ഥികളായി മേയർ സ്ഥാനത്തേക്ക് SK അബൂബക്കറും, ഡെപ്യൂട്ടി മേയർ സ്ഥാനത്തേക്ക് ഫാത്തിമ തെഹലിയയും മത്സരിക്കും.

കൊല്ലം കോർപ്പറേഷന്റെ മേയർ സ്ഥാനത്തേക്ക് UDF ഉം LDF ഉം മത്സരിക്കും. A.K ഹഫീസാണ് UDF ന്റെ മേയർ സ്ഥാനാർത്ഥി. P.J രാജേന്ദ്രനാണ് LDF സ്ഥാനാർത്ഥി.

✪✪✪

സ്ഥാനാർത്ഥികളുടെ നിര്യാണത്തെ തുടർന്ന് വോട്ടെടുപ്പ് മാറ്റിവെച്ച മൂന്നു തദ്ദേശ വാർഡുകളിലെ തെരഞ്ഞെടുപ്പിന് നാമനിർദേശ പത്രികകളുടെ സൂക്ഷ്മ പരിശോധന ഇന്ന് നടത്തും. മലപ്പുറം മൂത്തേടം പഞ്ചായത്തിലെ പായിപ്പാടം, എറണാകുളം പാമ്പാക്കുട പഞ്ചായത്തിലെ ഓണക്കൂർ, തിരുവനന്തപുരം കോർപ്പറേഷനിലെ വിഴിഞ്ഞം എന്നീ വാർഡുകളിലാണ് തെരഞ്ഞെടുപ്പ്.

പത്രിക പിൻവലിക്കാൻ അവസാന തിയ്യതി ഈ മാസം 29 ആണ്. ജനുവരി 12-നാണ് വോട്ടെടുപ്പ്. 13-ന് വോട്ടെണ്ണും.

✪✪✪

സംസ്ഥാനത്ത് തീവ്ര വോട്ടർ പട്ടികാ പരിഷ്ക്കരണത്തിന്റെ ഭാഗമായി പ്രസിദ്ധീകരിച്ച കരട് വോട്ടർ പട്ടികയിൻമേൽ പരാതികളും അവകാശവാദങ്ങളും സ്വീകരിക്കുന്നതിന് നടപടികൾ പൂർത്തിയായി. പരാതികളും അവകാശവാദങ്ങളും ജനുവരി 22 വരെ സമർപ്പിക്കാം. കരടു പട്ടികയിൽ ഉൾപ്പെടാത്ത ASD പട്ടികയിൽ ഉള്ളവരും വോട്ടർ പട്ടികയിൽ ഉൾപ്പെടുത്താനായി അപേക്ഷയും സത്യവാങ്മൂലവും നൽകണം.

✪✪✪

മറ്റന്നാൾ തലശ്ശേരിയിൽ ആരംഭിക്കുന്ന 84-ാമത് ഇന്ത്യൻ ചരിത്ര കോൺഗ്രസിന് ഗവൺമെൻറ് ബ്രണ്ണൻ കോളേജിൽ ഒരുക്കങ്ങൾ പൂർത്തിയായി. കണ്ണൂർ ജില്ലാ ആതിഥ്യ മരുളുന്ന മൂന്നാമത്തെ ചരിത്ര കോൺഗ്രസ് ആണ് തലശ്ശേരിയിൽ നടത്തുന്നത്. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്ന് ആയിരം പ്രതിനിധികൾ ചരിത്ര കോൺഗ്രസിൽ പങ്കെടുക്കും.

മറ്റന്നാൾ രാവിലെ മുഖ്യമന്ത്രി പിണറായി വിജയൻ ചരിത്ര കോൺഗ്രസ് ഉദ്ഘാടനം ചെയ്യും. വിവിധ വിഷയങ്ങളിൽ പ്രബന്ധങ്ങൾ കോൺഗ്രസിൽ അവതരിപ്പിക്കും. പുസ്തകോത്സവം, ചരിത്രപ്രദർശനം, സാംസ്കാരിക പരിപാടികൾ എന്നിവയും ഇതിന്റെ ഭാഗമായി സംഘടിപ്പിക്കുന്നുണ്ട്.

✪✪✪

മണ്ഡലപൂജയ്ക്ക് ശബരിമല ശാസ്താവിന് ചാർത്തുന്ന തങ്കയങ്കി വഹിച്ച് ഘോഷയാത്ര ഇന്ന് ഉച്ചയ്ക്ക് സന്നിധാനത്തെത്തും. രാവിലെ ഒൻപതിനു ശേഷം നിലയ്ക്കൽ നിന്നും 10-ന് ശേഷം പമ്പയിൽ നിന്നും ഭക്തരെ സന്നിധാനത്തേക്കു കടത്തി വിടില്ല. നാളെയാണ് മണ്ഡലപൂജ.

പത്തനംതിട്ടയിൽ നിന്ന് ശ്രീജി S ശ്രീധർ.

....( വോയ്സ്).............

✪✪✪

ആലപ്പുഴയിൽ പക്ഷിപ്പനി റിപ്പോർട്ട് ചെയ്ത സ്ഥലങ്ങളിൽ രോഗ പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ഇന്നും നാളെയും പക്ഷികളെ കൊന്നൊടുക്കും. കോഴിയും താറാവുമുൾപ്പെടെ മേഖലയിലെ 19,000 ത്തോളം വളർത്തുപക്ഷികളെയാണ് കൊന്നൊടുക്കുന്നത്.

രോഗം റിപ്പോർട്ട് ചെയ്യപ്പെട്ട തകഴി, അമ്പലപ്പുഴ സൗത്ത്, ചെറുതന, കാർത്തികപ്പള്ളി, കരുവാറ്റ, നെടുമുടി, പുന്നപ്ര സൗത്ത്, പുറക്കാട്, കുമാരപുരം പ്രദേശങ്ങളിലാണ് കള്ളിംഗ് നടത്തുക.

✪✪✪

വയനാട്ടിലെ വണ്ടിക്കടവ് മേഖലയിൽ ഒരാളെ കൊന്ന കടുവ വനംവകുപ്പ് വകുപ്പ് സ്ഥാപിച്ച കൂട്ടിൽ കുടുങ്ങി. വണ്ടിക്കടവ് വനാതിർത്തിയിൽ ഹാജിയാർ കടവിൽ സ്ഥാപിച്ച കൂട്ടിലാണ് ഇന്ന് പുലർച്ചെ കടുവ കുടുങ്ങിയത്. കൂടിനടുത്ത് ക്യാമറ സ്ഥാപിച്ച് കടുവയുടെ നീക്കം നിരീക്ഷിച്ചിരുന്നു.

✪✪✪

അഞ്ചാമത് ബേപ്പൂർ അന്താരാഷ്ട്ര വാട്ടർ ഫെസ്റ്റിന് ഇന്ന് തുടക്കം. പ്രധാന വേദിയായ ബേപ്പൂർ മറീനയിൽ വൈകീട്ട് മുഖ്യമന്ത്രി പിണറായി വിജയൻ ഓൺലൈനായി ഫെസ്റ്റ് ഉദ്ഘാടനം ചെയ്യും. ഇതിന് മുന്നോടിയായി ഘോഷയാത്ര നടത്തും. മന്ത്രിമാർ, ജനപ്രതിനിധികൾ, മറ്റ് വിശിഷ്ടാതിഥികൾ തുടങ്ങിയവർ പങ്കെടുക്കും.

✪✪✪

ഇന്ത്യ- ശ്രീലങ്ക വനിതാ ട്വന്റി-20 ക്രിക്കറ്റ് പരമ്പരയിലെ മൂന്നാം മത്സരം ഇന്ന് തിരുവനന്തപുരം കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിൽ നടക്കും. വൈകിട്ട് ഏഴിന് മത്സരം ആരംഭിക്കും. അഞ്ചുമത്സര പരമ്പരയിൽ രണ്ട് മത്സരങ്ങളിൽ ജയിച്ച് ഇന്ത്യ മുന്നിലാണ്.

✪✪✪

വിജയ് ഹസാരെ ട്രോഫി ഏകദിന ക്രിക്കറ്റ് ടൂർണമെന്റിലെ എലൈറ്റ് ഗ്രൂപ്പ് A-യിൽ കേരളം ഇന്ന് കർണാടകയെ നേരിടും. അഹമ്മദാബാദിലെ നരേന്ദ്ര മോദി സ്റ്റേഡിയം ഗ്രൗണ്ട് B-യിലാണ് മത്സരം.

ടൂർണമെന്റിലെ രണ്ടാം മത്സരത്തിനാണ് ഇരു ടീമുകളും ഇന്ന് ഇറങ്ങുന്നത്.

✪✪✪

ഹൂബ്ലിയിൽ കാഴ്ച പരിമിതരുടെ നാഗേഷ് ട്രോഫി ക്രിക്കറ്റ് ടൂർണമെന്റിൽ കേരളത്തിന് തുടർച്ചയായ മൂന്നാം വിജയം. രാജസ്ഥാനെ 15 റൺസിന് കേരളം പരാജയപ്പെടുത്തി. ആദ്യം ബാറ്റ് ചെയ്ത കേരളം നിശ്ചിത 20 ഓവറിൽ 5 വിക്കറ്റ് നഷ്ടത്തിൽ 195 റൺസ് നേടി. മറുപടി ബാറ്റിംഗിന് ഇറങ്ങിയ രാജസ്ഥാന് നിശ്ചിത ഓവറിൽ 9 വിക്കറ്റ് നഷ്ടത്തിൽ 180 റൺസ് നേടാൻ സാധിച്ചുള്ളൂ.

✪✪✪

**ക്വാണ്ടം സെഞ്ച്വറി സയൻസ് എക്സിബിഷൻ ഇന്ന് കോഴിക്കോട്ട് തുടങ്ങും. മലബാർ ക്രിസ്റ്റ്യൻ കോളെജ് ഹയർസെക്കണ്ടറി സ്കൂളിൽ രാവിലെ മന്ത്രി P.A മുഹമ്മദ് റിയാസ് എക്സിബിഷൻ ഉദ്ഘാടനം ചെയ്യും.**

✪✪✪

**കുടുംബശ്രീ കാസർകോട് ജില്ലാമിഷൻ പുറത്തിറക്കിയ 2026 ലെ കലണ്ടർ, ബേക്കൽ ബീച്ച് പാർക്കിൽ നടക്കുന്ന മിനി സരസ് മേളയിൽ കുടുംബശ്രീ സംസ്ഥാന മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ H ദിനേശൻ പ്രകാശനം ചെയ്തു.**

✪✪✪

**രണ്ടേ കാൽ ലക്ഷത്തിലധികം മനുഷ്യജീവനുകൾ കവർന്ന 2004-ലെ സുനാമി ദുരന്തത്തിന് ഇന്ന് 21 വർഷം. 2004 ഡിസംബർ 26-ന് ഇന്തോനേഷ്യയിലെ സുമാത്രയിലുണ്ടായ ഭൂചലനത്തെ തുടർന്നാണ് ലോകത്തെ നടുക്കിയ സുനാമി സംഭവിച്ചത്. സംസ്ഥാനത്ത് മാത്രം 236 പേർക്ക് ജീവൻ നഷ്ടപ്പെട്ടു.**

✪✪✪

---

.

*News Editor : പി ചന്ദ്രബാബു*
*News Reader: സയ്യിദ് അലി ശിഹാബ്*
*NRTs :ശരണ്യ രാജൻ*
*DEO : ഷീബ*